**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3907** **03-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന നിനി, ഷോജിഷാജി, ആമിന അബ്ദുൾഖാദർ എന്നീ മൂന്ന് കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന നിനി, ഷോജിഷാജി, ആമിന അബ്ദുൾ ഖാദർ എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 3 കേസ്സുകളും ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.<br><br>ക്രൈം ബ്രാഞ്ച് ക്രൈം നം. 218/CB/EKM/2009 ആയി രജിസ്റ്റർ ചെയ്ത നിനി കൊലപാതക കേസിലേക്ക് നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസ്സിലെ കൃത്യം നടത്തിയ പ്രതിയെയോ കവർച്ച മുതലുകളെപ്പറ്റിയോ ഇതുവരെ തെളിവുകൾ പോലീസിന് ലഭിച്ചിട്ടില്ലാത്തതാണ്.<br><br>ക്രൈം ബ്രാഞ്ച് ക്രൈം നം. 779/CB/EKM/R/2012 ആയി രജിസ്റ്റർ ചെയ്ത ഷോജിഷാജി കൊലപാതക കേസിൽ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.<br><br>ക്രൈം ബ്രാഞ്ച് ക്രൈം നം. 257/CB/EKM/R/2021 ആയി രജിസ്റ്റർ ചെയ്ത കേസിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഓരോ കേസിന്റേയും അന്വേഷണ ഏജൻസിയെ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ